# പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3725 | 19.02.2013-ൽ മറുപടിയ്ക്ക്.

## അതിരപ്പിള്ളി ടൂറിസം മേഖല

**ചോദ്യം**

ശ്രീ. ബി. ഡി. ദേവസ്സി

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

അതിരപ്പിള്ളി ടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും പാർക്കിംഗ് ഫീസായും പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത വിഹിതം പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിരപ്പിള്ളി-വാഴച്ചാൽ, തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

അതിരപ്പിള്ളി ഇക്കോടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും, പാർക്കിംഗ് ഫീസായും, സർവ്വീസ് ചാർജ്ജായും പിരിച്ചെടുക്കുന്ന സംഖ്യയിൽ സർക്കാർ ഖജനാവിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക ഒടുക്കുകയും സർവ്വീസ് ചാർജ്ജായി ശേഖരിക്കുന്ന തുക പുഴ-വന സംരക്ഷണ നിധിയിൽ ഒടുക്കുകയും ചെയ്യുന്നു. പുഴ-വന സംരക്ഷണ നിധി, വനസംരക്ഷണ പ്രവർത്തനത്തിനും, ഇക്കോ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വന സംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ വഴി വന വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ പ്രയോജനപ്പെടുത്തുന്നു. അതിരപ്പിള്ളി ടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും പാർക്കിംഗ് ഫീസായും പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത വിഹിതം പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിരപ്പിള്ളി-വാഴച്ചാൽ, തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ.